# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.T 2255 - 05/02/2018 -ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

**ചോദ്യം** | **ഉത്തരം**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | മാനേജ്മെന്റ് ക്വാട്ടയിൽ കേരളത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും പഠിച്ചിട്ടുള്ള വിദ്യാർത്ഥികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | രാജ്യത്തെവിടെയും, നഴ്സിംഗ് കോഴ്സുകളിൽ മെറിറ്റ് വിഭാഗത്തിലും മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിലും പഠിച്ചിട്ടുള്ള വിദ്യാർത്ഥികളെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. |
| സി | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കുന്ന നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവ പരിശോധിച്ച് ഉചിതമായ മറുപടികൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**